## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T 1242 20.03.2012 - ൽ മറുപടിക്ക്

### മണ്ണുത്തി-ഇടപ്പള്ളി ദേശീയ പാതയിലെ ടോൾ പിരിവ്

| ചോദ്യം<br>ശ്രീമതി. ഗീതാ ഗോപി | | ഉത്തരം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | മണ്ണുത്തി - ഇടപ്പള്ളി ദേശീയ പാതയിൽ ടോൾ കമ്പനി ടോൾ പിരിവിന്റെ പേരിൽ ജനങ്ങളെ കൊള്ളയടിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല |
| (ബി) | മണ്ണുത്തി - ഇടപ്പള്ളി ദേശീയ പാതയിൽ വിവിധ രാഷ്ട്രീയ - സാമൂഹ്യ സംഘടനകൾ നടത്തുന്ന ടോൾ വിരുദ്ധ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) | എങ്കിൽ പ്രസ്തുത സമരം അവസാനിപ്പിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | ബഹു: മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 10.12.2011, 19.01.2012, 23.01.2012, 01.02.2012 തീയതികളികളിലും, പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 14.01.2012, 30.01.2012 തീയതികളിലും ജനപ്രതിനിധികളുമായും, വിവിധ സമര സമിതി-രാഷ്ട്രീയ നേതാക്കളുമായും ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശവാസികൾക്ക് ടോൾ നിരക്കിൽ, പരമാവധി ഇളവുകളും, സൗജന്യങ്ങളും അനുവദിച്ചു കൊണ്ടും, കരാറില്ലാത്ത അധിക പണികൾ പദ്ധതി പ്രദേശത്ത് നടത്തുന്നതിനുമായി താഴെപ്പറയുന്ന സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

(1) സ.ഉ(എം.എസ്) നം.
23/12/പൊ.മ.വ, തീയതി, 18.01.2012.

(2) സ.ഉ(എം.എസ്) നം.
28/12/പൊ.മ.വ, തീയതി, 03.03.2012
(പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു)

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.